➯ *എന്നാൽ അതിലേറെ വിഷമപ്പിച്ചത് മറ്റൊരു കാഴ്ചയാണ്* ➯

# കാട് കത്തുന്നത് ആൾക്കൂട്ടം നോക്കിനിന്നു

ആയിരക്കണക്കിന് ഹെക്ടർ വനം കത്തിച്ചാമ്പലായ കാട്ടുതീയാണ് മാർച്ച് മാസത്തിൽ വയനാട്ടിലുണ്ടായത്. കാട്ടുതീ മനുഷ്യനിർമ്മിതമാണെന്നും പിന്നിൽ ഗൂഢാലോചനയുണ്ടെന്നുമാണ് വനംവകുപ്പിന്റെ നിഗമനം. അത് ശരിവയ്ക്കുന്ന തരത്തിലുള്ള അനുഭവങ്ങളാണ് കാട്ടുതീയുടെ ചിത്രം പകർത്തുന്നതിനിടയിൽ മർദ്ദനമേൽക്കേണ്ടിവന്ന ഫോട്ടോഗ്രാഫർ അൻവറിനുണ്ടായത്. കാട് കത്തുന്നത് നോക്കിനിന്നവരുടെ പേടിപ്പെടുത്തുന്ന നിസ്സംഗതയെക്കുറിച്ച്

**സി.എസ്. അൻവർ**

**മാനന്തവാടി** അസ്ഥാനമായി പ്രവർത്തിക്കുന്ന ഫേൺസ് എന്ന പരിസ്ഥിതി സംഘടനയുടെ പ്രവർത്തനകനാണ് ഞാൻ. എല്ലാ വേനൽക്കാലത്തും വനം വകുപ്പും വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന കാട്ടുതീ തടയുന്നതിനായുള്ള ബോധവത്കരണ കാമ്പയിനിൽ ഫേൺസും പങ്കാളികളാകാറുണ്ട്. കാടിനോട് ചേർന്നുള്ള ജനവാസകേന്ദ്രങ്ങളിലും കാട്ടിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ട് ബോധവത്കരണം നടത്തുകയും നോട്ടീസ് വിതരണം ചെയ്യുകയുമാണ് ചെയ്യാറുള്ളത്. എവിടെയെങ്കിലും തീ കണ്ടാൽ ഉടൻ അറിയിക്കുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറും നോട്ടീസിൽ വച്ചിട്ടുണ്ടാകും. ആ കാമ്പയിനിന്റെ ഭാഗമായാണ് കാട്ടുതീയുണ്ടായ മാർച്ച് 16ന് ഞാനും തിനെല്ലി ഭാഗത്ത് എത്തിയത്. മാനന്തവാടി മേരീമാതാ കോളേജിലെ വിദ്യാർത്ഥികളും വനംവകുപ്പ് ജീവനക്കാരും അടങ്ങിയ ഒരു ടീമായിരുന്നു ഞങ്ങളുടേത്. രാവിലെ യാത്ര തുടങ്ങുന്ന സമയത്ത് തന്നെ ദൂരെ ഏതോ ഭാഗത്ത് പുക ഉയരുന്നത് ഞങ്ങൾ കണ്ടിരുന്നു. തോൽപ്പെട്ടി റേഞ്ചിന്റെ പരിധിയിലുള്ള കോട്ടിയൂർ എന്ന സ്ഥലത്ത് തീ വീണിട്ടുള്ളതായി വനംവകുപ്പ് ജീവനക്കാർക്ക് വിവരം ലഭിച്ചു. തീ ഗുരുതരമാണെന്നൊന്നും അപ്പോൾ സൂചനയുണ്ടായിരുന്നില്ല. അതിനാൽ ഞങ്ങൾ ഞങ്ങളുടെ ജോലി തുടരാൻ തീരുമാനിച്ചു. ബ്രഹ്മഗിരി എസ്റ്റേറ്റിനുള്ളിലുള്ള അരണപ്പാറ എന്ന സ്ഥലത്തുള്ള കോളനിയിലാണ് ആദ്യം കാമ്പയിൻ നടത്തിയത്. ആദ്യ കോളനിയിലെ കാമ്പയിൻ കഴിഞ്ഞ് പുറത്ത് വന്നപ്പോഴേക്കും രാവിലെ കണ്ട പുകയുടെ അളവ് വല്ലാതെ കൂടിയതായി അനുഭവപ്പെട്ടു. കാര്യങ്ങൾ കുഴപ്പിലേക്ക് നീങ്ങുകയാണെന്നും വിളിച്ചാലുടൻ എത്തണമെന്നും കൂടെയുണ്ടായിരുന്ന ഫോറസ്റ്റ് ഗാർഡുകൾക്ക് വിവരം ലഭിച്ചു. ഞാൻ ഉടൻ തന്നെ സുധീഷ് എന്ന സുഹൃത്തിനെ ഫോണിൽ വിളിച്ച് വിവരം തിരക്കി. ബേഗൂർ ഫോറസ്റ്റ് സ്റ്റേഷന്റെ തൊട്ടടുത്ത് വരെ തീയെത്തിയെന്നും ഉടൻ അവിടേക്ക് എത്തണമെന്നുമായിരുന്നു സുധീഷിന്റെ മറുപടി.

ഞാൻ ചെല്ലുമ്പോൾ രണ്ട് നിലകെട്ടിടത്തിന്റെ ഉയരത്തിലുള്ള മുളങ്കാടുകൾ നിന്ന് കത്തുന്ന ദുഃഖകരമായ കാഴ്ചയാണ് ആദ്യം കണ്ടത്. എന്നാൽ അതി



ലേറെ വിഷമപ്പിച്ചത് മറ്റൊരു കാഴ്ചയാണ്. ഏകദേശം 200 ഓളം തദ്ദേശവാസികൾ അവിടെ കൂടിനിന്ന് തീകത്തുന്നതും കണ്ട് നിൽക്കുന്നു. തീ അണയ്ക്കുന്നതിന് ആരും ശ്രമിക്കുന്നുണ്ടായിരുന്നില്ല. ആകെയുണ്ടായിരുന്ന രണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാത്രം ഏറെ പ്രയാസപ്പെട്ട് തീയണയ്ക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അവരെ സഹായിക്കാൻ നാട്ടുകാരാരും തയ്യാറായില്ല. ഞാൻ അതിന്റെയെല്ലാം ഫോട്ടോയും വീഡിയോയും എടുത്തു. അടുത്ത മുളങ്കൂട്ടത്തിലേക്ക് തീപടരുന്നത് അവർ വിചാരിച്ചാൽ തടയാൻ കഴിയുമായിരുന്നു. "എന്നാൽ എല്ലാം കത്തിപ്പോട്ടെ, എന്നാലെ ഫോറസ്റ്റുകാർ ഒരു പാഠം പഠിക്കൂ... ഞങ്ങളെയെല്ലാം ദ്രോഹിച്ചതല്ലേ പഠിക്കട്ടേ..." എന്നെല്ലാം ആൾക്കൂട്ടം ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു. തീയണയ്ക്കാൻ ശ്രമിച്ചുകൂടേ എന്ന് ഞാൻ അവരോട് ചോദിച്ചു. "കസ്തൂരിരംഗന്റെയും കടുവയുടെയുമെല്ലാം പേരിൽ ഞങ്ങളെ ദ്രോഹിക്കുന്നതല്ലേ, അണയ്ക്കാൻ സൗകര്യമില്ല" എന്നായിരുന്നു അവരുടെ മറുപടി.

തീപ്പൊള്ളലേറ്റ ഒരു കൂരമാനിനെ കാട്ടിൽ നിന്നും ഫോറസ്റ്റ് ഓഫീസിലേക്ക് എടുത്തുകൊണ്ടുവന്ന ആദർശ് എന്ന ഗാർഡിനെ ഈ ആൾക്കൂട്ടം തടഞ്ഞതോടെയാണ് തർക്കങ്ങൾ തുടങ്ങുന്നത്. "ഇവനൊക്കെ മൃഗങ്ങളോടാ കൂറ്, മനുഷ്യരോട് ഒരു പരിഗണനയുമില്ല" എന്നുപറഞ്ഞാണ് ആദർശിനെ തടഞ്ഞത്. അതേസമയം തന്നെ ഗുണ്ഡികപ്പറമ്പ് എന്ന സ്ഥലത്ത് തീപിടിച്ചതറിഞ്ഞ് അവിടേക്ക് പോകാൻ ശ്രമിച്ച ഗാർഡുമാരെയും ആൾക്കൂട്ടം തടഞ്ഞു. ഇതെല്ലാം ഞാൻ വീഡിയോയിൽ പകർത്തുന്നത് കണ്ട് അവർ എന്റെ നേരെ തിരിഞ്ഞു. ചെകിടത്ത് അതിശക്തമായി അടിച്ചു. ക്യാമറ ബലമായി പിടിച്ചുവാങ്ങി. ക്യാമറയിൽ നിന്നും മെമ്മറി കാർഡെല്ലാം എടുക്കുകയും നശിപ്പിക്കുകയും ചെയ്തു. അപ്പോൾ ഞാൻ അവരുടെ ദൃശ്യങ്ങൾ പകർത്തിയതിന്റെ ദേഷ്യം മാത്രമല്ല അത്. മുമ്പ് തിരുനെല്ലിയിൽ കടുവയിറങ്ങിയ സമയത്ത്, കടുവ പിടിച്ച ഒരു കാളയുടെ ജഡവുമായി മാനന്തവാടി ഫോറസ്റ്റ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്യുകയും ഫോറസ്റ്റ് സ്റ്റേഷൻ അടിച്ചുതകർക്കുകയും ചെയ്ത ചിലർ അക്കൂട്ടത്തിലുണ്ടായിരുന്നു. അന്ന് അവർ വനംവകുപ്പ് ഉദ്യോഗസ്ഥരെ മർദ്ദിക്കുന്നതിന്റെയും ഓഫീസ് അടിച്ചുതകർക്കുന്നതിന്റെയും ഫോട്ടോ ഞാൻ എടുത്തിരുന്നു. അത് തെളിവായി പരിഗണിച്ചാണ് പലർക്കെതിരെയും അന്ന് കേസെടുത്തത്. അതിന്റെ ദേഷ്യം കൂടിയാണ് അവർ എന്നോട് ഈ സന്ദർഭത്തിൽ തീർത്തത്. പൊതുവെ വന്യജീവി ഫോട്ടോഗ്രാഫർമാരോടും പരിസ്ഥിതി പ്രവർത്തകരോടും അവർക്ക് ദേഷ്യമുണ്ടായിരുന്നു. "ഏപ്രിലാകട്ടെ, ഈ കാടെല്ലാം കത്തിച്ചുകളയും" എന്ന് അവർ അന്നും പറയുന്നുണ്ടായിരുന്നു.



സി.എസ്. അൻവർ

മാനന്തവാടി ഫോറസ്റ്റ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്യുകയും ഫോറസ്റ്റ് സ്റ്റേഷൻ അടിച്ചുതകർക്കുകയും ചെയ്ത ചിലർ അക്കൂട്ടത്തിലുണ്ടായിരുന്നു. അവർ വനംവകുപ്പ് ഉദ്യോഗസ്ഥരെ മർദ്ദിക്കുന്നതിന്റെയും ഓഫീസ് അടിച്ചു തകർക്കുന്നതിന്റെയും ഫോട്ടോ ഞാൻ എടുത്തിരുന്നു. അത് തെളിവായി പരിഗണിച്ചാണ് പലർക്കെതിരെയും അന്ന് കേസെടുത്തത്. അതിന്റെ ദേഷ്യം കൂടിയാണ് അവർ എന്നോട് ഈ സന്ദർഭത്തിൽ തീർത്തത്

കാട്ടുതീ ആസൂത്രിതമായുണ്ടായതാണ് എന്നതിന് വേറെയും തെളിവുകളുണ്ട്. രാവിലെ ആദ്യം തീയുണ്ടായത് തോൽപ്പെട്ടി റെയ്ഞ്ചിലാണ്. അത് കെടുത്തുന്നതിനായി ജില്ലയിലുള്ള മുഴുവൻ ഫയർഫോഴ്സ് സംവിധാനങ്ങളും അവിടേക്ക് എത്തിയതോടെ ഉച്ചയ്ക്ക് മുത്തങ്ങ ഭാഗത്ത് തീയുണ്ടായി. കുറച്ച് കഴിഞ്ഞ് ഏറെയകലെയുള്ള ബാണാസുര മലകളിൽ തീയുണ്ടായി. തോൽപ്പെട്ടിയിൽ തീയണയ്ക്കാൻ പോയ ഫയർഫോഴ്സ് മുത്തങ്ങയിലേക്കും തോൽപ്പെട്ടിയിലേക്കും ഉടനെത്തി തീയണയ്ക്കില്ല എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന ആരോ തീവച്ചാതായാണ് സംശയിക്കേണ്ടത്. അല്ലെങ്കിൽ ഒരുദിവസം തന്നെ വയനാടിന്റെ വിവിധ ദിക്കുകളിൽ ഇത്തരത്തിൽ തീയുണ്ടാകില്ല. മുള ഉണങ്ങിയ സമയത്താണ് തീ വന്നത് എന്നതും തീ മനുഷ്യനിർമ്മിതമാണ് എന്ന സംശയം ബലപ്പെടുത്തുന്നു. ചൂള പോലെയാണ് മുള കത്തുന്നത്. അതോടെ ചുവട്ടിലുള്ള മണ്ണ് ഇഷ്ടികപോലെ കട്ടിയുള്ളതായിമാറും. ഉടനെയൊന്നും ഒരു പുല്ലുപോലും അവിടെ മുളയ്ക്കില്ല. ഇഷ്ടികയിൽ പായൽ പിടിക്കാൻ എത്രകാലമെടുക്കുമെന്ന് നാം കാണുന്നതല്ലേ. മുള ഉണങ്ങി നിൽക്കുന്ന സ്ഥലങ്ങൾ തെരഞ്ഞുപിടിച്ച് തീയിട്ടതാണോ എന്നും സംശയിക്കേണ്ടതുണ്ട്. തീ പിടിച്ച പല സ്ഥലങ്ങളും കാടിന്റെ ഇരുവശത്തും ജനവാസകേന്ദ്രങ്ങളുള്ള ഇടങ്ങളാണ്. നടുക്കുള്ള കാട് കത്തിപ്പോയാൽ പിന്നെ ഇ.എസ്.എ എന്നുപറഞ്ഞ് ആരും ഇവിടേക്ക് വരില്ലല്ലോ എന്നും നാട്ടുകാർ പറയുന്നത് ഞാൻ കേട്ടു. കുടിവെള്ളമാണ് നഷ്ടമാകാൻ പോകുന്നതെന്ന് അവർ അറിയുന്നില്ല. ഇപ്പോൾ തന്നെ കാലാവസ്ഥ മാറിയതിന്റെ ഇരകളാണ് അവരെല്ലാം. ആ നാട്ടുകാരല്ലാത്ത ഞങ്ങൾക്ക് പോലുമുള്ള ആവലാതി അവർക്കില്ല എന്നതിൽ ദുഃഖം തോന്നി.

കാട്ടുതീയെക്കുറിച്ച് വൈകാതെ സർക്കാറിന്റെ ഒരു കണക്ക് പുറത്തുവരും. ഇത്ര ഹെക്ർ കാട് കത്തിയെന്നും ഇത്ര മരം നഷ്ടമായെന്നും കണക്കാക്കി ഇത്ര തുകയുടെ നഷ്ടമുണ്ടായെന്ന് പറയും. എന്നാൽ ഈ കാട് ചെയ്തിരുന്ന പാരിസ്ഥിതിക സേവനങ്ങൾ അങ്ങനെ വിലയിടാൻ കഴിയുന്നതല്ല. ഒരു കണക്കിലും ഉൾപ്പെടുത്താൻ കഴിയാത്ത അത്രയും ചെറുജീവികളും സസ്യങ്ങളും നഷ്ടമായിട്ടുണ്ട്. ഒന്നും തിരികെപ്പിടിക്കാനും കഴിയില്ല.

കാട് കത്തിച്ചവർക്കെതിരെയും എന്നെ അക്രമിച്ചവർക്കെതിരെയും ഒരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. തൃപ്തികരമായ അന്വേഷണമല്ല പോലീസ് നടത്തുന്നത്. ഒരു ചെവിയുടെ കർണ്ണപുടം തകർന്ന് എന്റെ കേൾവി ശക്തി പകുതി പോയി. ഏറെ സ്നേഹിച്ചിരുന്ന ക്യാമറയും നഷ്ടമായി. ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷനിൽ അംഗമാണ് ഞാൻ. അവരുടെയും ഫ്രണ്ട്സിന്റെയും മാനന്തവാടി പഴശ്ശി വായനശാല പ്രവർത്തകരുടെയും നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾ നടക്കുന്നുണ്ട്. കാട് കത്തിച്ചവരെയും അക്രമികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ തന്നെയാണ് ശ്രമിക്കുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പിന്തുണയുണ്ടെങ്കിലും കേസിന്റെ കാര്യത്തിൽ വകുപ്പ് തലത്തിൽ ശക്തമായ നീക്കം നടക്കുമെന്ന് പ്രതീക്ഷയില്ല. ■